# അദ്ധ്യായം - 43 - 44



*ബാബയുടെ മഹാസമാധി തുടർച്ച*

*തയ്യാറെടുക്കൽ - സമാധിമന്ദിരം - ഇഷ്ടിക ഉടക്കൽ-72 മണിക്കൂർ നേരത്തെ സമാധി - ജോഗിന്റെ സന്യാസം - ബാബയുടെ അമൃതവാണികൾ*

**മുൻകൂട്ടിയുള്ള തയ്യാറെടുക്കൽ**

സാധാരണ ഹിന്ദുക്കൾക്കിടയിൽ ഒരാൾ ആസന്ന മരണനായിക്കിടക്കുമ്പോൾ എന്തെങ്കിലും പുണ്യഗ്രന്ഥങ്ങൾ അയാൾക്ക് വായിച്ചുകേൾപ്പിച്ച് അവസാന നിമിഷത്തിൽ ലൗകീകകാര്യങ്ങളെ അയാൾ ചിന്തിക്കാനിടവരുത്താതെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ആലോചനയുണ്ടാക്കി സൽഗതിയുണ്ടാക്കികൊടുക്കുക എന്നൊരു സമ്പ്രദായമുണ്ട്. പരീക്ഷിത് മഹാരാജാവിനെ ഒരാഴ്ചക്കുള്ളിൽ മരിച്ചുപോട്ടെ എന്ന് ഒരു ബ്രാഹ്മണമുനി ശപിച്ചപ്പോൾ അദ്ദേഹത്തിന് ശുകമഹർഷി ഒരാഴ്ച കൊണ്ട് ഭാഗവത മുഴുവൻ വായിച്ചുകേൾപ്പിച്ചു. ഈ സമ്പ്രദായം

ഇപ്പോഴും തുടർന്നു വരുന്നതും ഗീത, ഭാഗവതം മുതലായ വിശ്ഷ്ടഗ്രന്ഥങ്ങൾ മരിക്കാറായവരെ വായിച്ചുകേൾപ്പിക്കുന്ന പതിവ് ഇന്നും നില നിൽക്കുന്നതുമാകുന്നു. ഒരു ദൈവാവ താരമന്ന നിലക്ക് ബാബക്ക് ഈ വക സഹായങ്ങളൊന്നും ആവശ്യമില്ലായിരുന്നെങ്കിലും മറ്റുള്ളവർക്ക് മാതൃകയാ ക്കാൻവേണ്ടി ബാബ ഈ സമ്പ്രദായം തന്നെ സ്വീകരിച്ചു. ബാബ അന്ത്യശ്വാസം വലിക്കാൻ പോകുന്നുവെന്നറിഞ്ഞ് ബാബ വാസി എന്ന ആളോട് രാമവിജയം വായിച്ചുകേൾപ്പിക്കാൻ പറഞ്ഞു. വാസി ഒരാഴ്ചകൊണ്ട് പുസ്തകം ഒരിക്കൽ വായിച്ചു. എന്നിട്ട് ബാബ അയാളോട് ഒരിക്കൽകൂടി രാവും പകലും വായിക്കാൻ പറഞ്ഞ പ്രകാരം മൂന്നുദിവസങ്ങൾകൊണ്ട് വായന പൂർത്തിയാ ക്കി. അങ്ങനെ പതിനൊന്നു ദിവസങ്ങൾ കഴിഞ്ഞു അയാൾ വീണ്ടും മൂന്നു ദിവസങ്ങൾകൂടി വായിച്ച് അത്യധികം ക്ഷീണി തനായി. പിന്നീട് ബാബ അയാളെ പോവാനനുവദിച്ച് ശാന്ത നായി കഴിഞ്ഞു. അദ്ദേഹം ആത്മനിൽതന്നെ അധിവസിച്ച് അന്ത്യനിമിഷം കാത്തിരുന്നു.

രണ്ടുമൂന്നു ദിവസങ്ങൾക്ക് മുമ്പുതന്നെ ബാബ തന്റെ രാവിലത്തെ നടത്തങ്ങളും ഭിക്ഷാടനവും നിർത്തൽ ചെയ്ത് മസ്ജിദ്ദിൽതന്നെ ഇരിക്കലായി. അവസാന നിമിഷംവരെ ബോധ ത്തോടുകൂടിയിരുന്ന ബാബ ഭക്തന്മാരോട് ധൈര്യമായിരിക്കാൻ പറഞ്ഞു. ആരെയും അന്ത്യനിമിഷം എപ്പോളായിരിക്കുമെന്നറി യിച്ചില്ല. കാക്കാസാഹെബ് ദീക്ഷിതും ശ്രീമാൻ ഭൂട്ടിയും മസ്ജി ദ്ദിൽ ബാബയുടെ കൂടെതന്നെയാണ് നിത്യ ഭക്ഷണം കഴിച്ചിരു ന്നത്. അന്നത്തെ ദിവസം (ഒക്ടോബർ15) ആരതിക്കുശേഷം അവ രോട് വാസസ്ഥലത്ത് പോയി ഭക്ഷണം കഴിക്കാൻ നിർദ്ദേശിക്കു കയാണുണ്ടായത്. എന്നിട്ടും കുറച്ചുപേർ, അതായത് ലക്ഷ്മീ

ബായി ഷിൻഡെ, ഭഗോജി ഷിൻഡെ, ബായാജി, ലക്ഷ്മണൻ ബാലഷിംപി, നാനാസാഹെബ് നീമോൻകാർ എന്നിവർ അവിടെതന്നെ ഇരുന്നു. ശാമ ഒതുക്കിന്മേൽ ഇരിക്കുകയായിരുന്നു. ലക്ഷ്മീബായി ഷിൻഡെക്ക് 9ക. കൊടുത്തശേഷം തനിക്ക് മസ്ജിദ്ദിൽ സുഖമില്ലെന്നും തന്നെ ഭൂട്ടിയുടെ കല്ലുകൊണ്ടുണ്ടാക്കിയ വാഡയിലേക്ക് കൊണ്ടുപോകണമെന്നും അവിടെ സുഖമായിരിക്കുമെന്നും പറഞ്ഞു. ഈ അവസാന വാക്കുകൾ പറഞ്ഞ് ബായാജിയുടെ ചുമലിലേക്ക് ചാരി അന്ത്യശ്വാസം വലിച്ചു. ഭഗോജി ബാബയുടെ ശ്വാസം നിലച്ചതായികണ്ട് താഴെ ഇരിക്കുന്ന നാനാസാഹെബ് നീമോൻകറോട് വിവരം പറഞ്ഞു. നാനാസാഹെബ് കുറച്ച് വെള്ളമെടുത്ത് ബാബയുടെ വായിൽ ഒഴിച്ചു. അത് പുറത്തേക്കൊഴുകി. അപ്പോൾ അയാൾ ഉറക്കെ 'ഓ ദേവാ!' എന്ന് വിലപിച്ചു. ബാബ ചെറുതായികണ്ണൊന്നു തുറന്നു. 'ഹാ' എന്നു പറഞ്ഞമാതിരിതോന്നി. പക്ഷെ ബാബ ദേഹത്യാഗം ചെയ്തു എന്ന് വ്യക്തമായി.

ബാബ സമാധിയായ വിവരം കാട്ടുതീ പോലെ ഗ്രാമമാകെ പരന്നു. ആബാലവൃദ്ധം ജനങ്ങൽ മസ്ജിദ്ദിൽ തടിച്ചുകൂടി പലവിധത്തിൽ വിലപിച്ചു. ചിലർ ഉറക്കെ കരഞ്ഞു. ചിലർ നിരത്തിൽ കിടന്ന് ഉരുണ്ടു. ചിലർ ബോധം കെട്ടുവീണു. എല്ലാവരുടെ കണ്ണുകളിൽ നിന്നും കണ്ണീർ പൊഴിഞ്ഞ് അവിടം മുഴുവൻ ശോകസ്തബ്ധമായി.

അപ്പോൾ ബാബയുടെ ദേഹം എങ്ങനെ സംസ്കരിക്കണമെന്ന പ്രശ്നം ഉയർന്നുവന്നു. ചില മുഹമ്മദീയർ ബാബയെ പുറമെ തുറന്ന ഒരു സ്ഥലത്ത് മറവ് ചെയ്ത് ഒരു ശവകുടീരം പണി ചെയ്യണമെന്നായി. കുഷൽ ചന്ദും അമീർസർക്കാറും ഈ

അഭിപ്രായത്തോട് യോജിച്ചു. അംശം അധികാരിയായ രാമചന്ദ്ര പഠേൽ തീർത്തും പറഞ്ഞു. ‘നിങ്ങളുടെ അഭിപ്രായം ഞങ്ങൾക്ക് സ്വീകാര്യമല്ല’. ബാബയുടെ ദേഹം വാഡയിലല്ലാതെ വേറെ എവിടെയും അടക്കുന്നതല്ല. ഇങ്ങനെ ഭിന്നാഭിപ്രായം ഉയർന്ന് വന്ന് 36 മണിക്കൂറോളം ഇതിനെപ്പറ്റി ചർച്ച നടന്നു.

ബുധനാഴ്ച രാവിലെ ബാബ, ലക്ഷമൺ മാമാ ജോഷിക് സ്വപ്നദർശനം നല്കി അയാളുടെ കൈപിടിച്ച് വലിച്ച് പറഞ്ഞു: “വേഗം എഴുന്നേൽക്ക്, ബാപ്പുസാഹെബ് കരുതന്നത് ഞാൻ മരിച്ചുവെന്നാണ്. അതുകൊണ്ട് അവൻ വരില്ല. നീ ആരാധനയും കാക്കഡ (രാവിലത്തെ) ആരതിയും നടത്തണം”. ലക്ഷ്മൺ മാമ ഗ്രാമത്തിലെ ജ്യോത്സ്യനും ശാമയുടെ മാതുലനുമായിരുന്നു. അയാൾ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. അയാൾ നിത്യവും ബാബയെയും ഗ്രാമദൈവങ്ങളെയും ആരാധിക്കുമായിരുന്നു. ദർശനത്തിനുശേഷം അയാൾ പൂജാസാധാനങ്ങളുമായി വന്ന് മൗലവിമാരുടെ പ്രതിഷേധം വകവെയ്ക്കാതെ പൂജയും കാക്കഡ് ആരതിപോലും മുറപോലെ നടത്തി മടങ്ങിപോയി. പിന്നീട് ഉച്ചക്ക് ബാപ്പു സാഹെബ് ജോഗ് എല്ലാവരോടും കൂടി വന്ന് പതിവുപോലെ മദ്ധ്യാഹ്ന ആരതിയും നടത്തി.

ബാബയുടെ വാക്കുകളെ ബഹുമാനിച്ച് ജനങ്ങൾ ബാബയെ വാഡയിൽ അടക്കാൻ തീരുമാനിച്ച് മദ്ധ്യത്തിൽ കുഴി വെട്ടാൻ തുടങ്ങി. ചൊവ്വാഴ്ച വൈകുന്നേരം റഹടയിൽനിന്ന് സബ് ഇൻസ്പെക്ടറും മറ്റു സ്ഥലങ്ങളിൽ നിന്ന് മറ്റു ജനങ്ങളും വന്ന് ഈ തീരുമാനത്തോട് യോജിച്ചു. അടുത്ത പ്രഭാതത്തിൽ ബോംബെയിൽ നിന്ന് അമീർഭായിയും കോപ്പർ ഗാവോണിൽനിന്ന് മംലത്ത്ദാറും വന്നു. ജനങ്ങൾ അപ്പോഴും അഭിപ്രാ

യവ്യത്യാസത്തിലാണ്. ചിലർ തുറന്ന സ്ഥലത്ത് മറവുചെയ്യാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. മംലത്ദാർ പൊതുജനാഭിപ്രായം എന്തെന്ന് വോട്ടിനിട്ടപ്പോൾ വാഡയിൽ അടക്കുന്നതിന് എതിരഭിപ്രായത്തിന്റെ ഇരട്ടി വോട്ട് കിട്ടിയതായി കണ്ടു. അയാൾ ഏതായാലും കലക്ടറുടെ അഭിപ്രായം കൂടി ചോദിക്കാമെന്ന് പറഞ്ഞപ്പോൾ കാക്കാസാഹെബ് ദീക്ഷിത് കലക്ടറെ കാണാൻ അഹമ്മദ്നഗറിലേക്കു പുറപ്പെട്ടു. അപ്പോഴെക്കും ബാബയുടെ പ്രചോദനംകൊണ്ട് എതിരഭിപ്രായക്കാരുടെ മനസ്സുമാറി അവരും വാഡയിൽ അടക്കാനുള്ള അഭിപ്രായത്തോട് യോജിച്ചു. ബുധനാഴ്ച വൈകുന്നേരം ബാബയുടെ ദേഹം വിലാപയാത്രയായി എഴുന്നള്ളിച്ച് വാഡയിൽകൊണ്ടുവന്ന് അവിടെ ഗർഭഗൃഹത്തിൽ മുരളീധരന് തയ്യാറാക്കിയ സ്ഥാനത്ത് വിധിയാംവണ്ണം സമാധിയടക്കി. യഥാർത്ഥത്തിൽ ബാബ തന്നെ മുരളീധരനായി. വാഡ ഒരു ക്ഷേത്രവും തീർത്ഥാടന കേന്ദ്രവുമായി. അവിടെ അനേകം ഭക്തന്മാർ ശാന്തിക്കും സമാധാനത്തിനുമായി വന്നുകൊണ്ടിരിക്കുന്നു.

പ്രൊഫസ്സർ നാർക്കെ പ്രസ്താവിച്ച പ്രകാരം മുപ്പത്താറു മണിക്കൂർ കാറ്റുകൊണ്ടു കിടന്നിട്ടും ബാബയുടെ ദേഹം മരവിച്ചില്ല. എല്ലാ അവയവങ്ങളും സാധാരണപോലെ തന്നെ ഇളക്കാൻ കഴിഞ്ഞിരുന്നു. കഫ്നിസുഖമായി എളുപ്പം ഊരി എടുക്കാൻ തന്നെ കഴിഞ്ഞു. അല്ലാതെ കീറി എടുക്കേണ്ടതായി വന്നില്ല.

**ഇഷ്ടിക ഉടയ്ക്കൽ**

ബാബ പോകുന്നതിന് കുറച്ചുദിവസങ്ങൾക്ക് മുമ്പ് വരാൻ പോകുന്ന സംഭവത്തെപറ്റിയ ഒരു സൂചനയുണ്ടായി. ബാബ കൈവെച്ചുകൊണ്ടിരുന്ന ഒരു പഴയ ഇഷ്ടിക മസ്ജിദ്ദിലുണ്ടാ





യിരുന്നു. രാത്രി അതിന്മേൽ ചാരിയാണ് ബാബ ആസനസ്ഥനാവുക. ഇങ്ങനെ വളരെ കൊല്ലങ്ങളായിട്ടുള്ള പതിവായിരുന്നു. ഒരു ദിവസം ബാബയുടെ അഭാവത്തിൽ ഒരു ചെറുക്കൻ അവിടെ അടിച്ചുവാരുമ്പോൾ ആ ഇഷ്ടിക വഴുതിവീണ് രണ്ടു കഷ്ണമായി പൊട്ടിപ്പോയി. ബാബ ഈ വിവരം അറിഞ്ഞു അതു പൊട്ടിപോയതിനെപ്പറ്റി ഇങ്ങനെ വിലപിച്ചു. "ഇഷ്ടികയല്ല എന്റെ വിധിയാണ് പൊട്ടിനുറുങ്ങിപോയത്. അതെന്റെ ജീവിത സുഹൃത്തായിരുന്നു. അതും വെച്ച് ഞാൻ സദാ ആത്മനെ പ്രാർത്ഥിക്കുമായിരുന്നു. അതെ നിക്കു എന്റെ ജീവനു തുല്യമായിരുന്നു. അതെന്നെ ഇന്നു വിട്ടുപിരിഞ്ഞു. ചിലർ ചോദിച്ചേക്കാം ബാബ എന്തിനാണ് ഇഷ്ടികപോലത്തെ ഒരു നിർജീവ വസ്തുവിനെചൊല്ലി വിലപിക്കുന്നത്? എന്ന്. അതിന്നു ഹേമദ്പാന്തിന്റെ മറുപടി, ഋഷിശ്വരന്മാർ നിസ്സഹായരെയും ദരിദ്രരേയും സഹായിക്കാനാണ് അവതരിക്കുന്നതെന്നും അങ്ങനെ അവതരിച്ചു കഴിഞ്ഞാൽ അവർ ജനങ്ങളുമായി ഇടപഴകി അവരെപോലെ പുറമേക്ക് പെരുമാറി ചിരിക്കുകയും കളിക്കുകയും കരയുകയും എല്ലാം ചെയ്യുമെന്നും എന്നാൽ ആന്തരികമായി അവർ ഉദ്ബുദ്ധരും ശാന്തരുമായി അവരുടെ പ്രവൃത്തി നടത്തികൊണ്ടിരിക്കുമെന്നുമാണ്.

### 72 മണിക്കൂർ നേരത്തെ സമാധി

ഇതിന് 32 വർഷങ്ങൾക്ക് മുമ്പ്, അതായത് 1886-ൽ ബാബ ഒരു സീമാലംഘനത്തിനു പരിശ്രമിക്കുകയുണ്ടായി. ഒരു മാർഗ്ഗപൗർണ്ണമി ദിവസം ബാബക്ക് വല്ലാത്ത കാസരോഗം പിടിപെട്ടു. അതിൽ നിന്നും മോചിതനാവാൻ ബാബ പ്രാണനെ വളരെ ഉയരത്തിലേക്കുയർത്താനും സമാധിസ്ഥനാവാനും തീർച്ചപ്പെടുത്തി. ബാബ ഭഗത്മാലസപതിയോട് പറഞ്ഞു "എന്റെ ദേഹം മൂന്നുദി

വസങ്ങളോളം സംരക്ഷിക്കുക. ഞാൻ മടങ്ങി വന്നാൽ എല്ലാം ശരിയായിരിക്കും. മടങ്ങി വന്നില്ലെങ്കിൽ എന്റെ ദേഹം ആ തുറന്ന സ്ഥലത്ത് (കാണിച്ചുകൊണ്ട്) അടക്കം ചെയ്യുക. അവിടെ രണ്ടു കൊടിക്കൂറുകൾ അടയാളമായി സ്ഥാപിക്കുക” ഇതും പറഞ്ഞ്, (രാത്രി പത്തുമണിയോടുകൂടി) ബാബ താഴെ വീണു. ശ്വാസോച്ഛ്വാസവും നാഡിമിഡിപ്പും നിലച്ചു. പ്രാണൻ ദേഹത്തെ വെടിഞ്ഞപോലെതോന്നി. ഗ്രാമത്തിലുള്ളവരെല്ലാം വന്ന് അന്വേഷണം നടത്തി ദേഹം ബാബ പറഞ്ഞ സ്ഥലത്ത് അടക്കണമെന്നായി. മാലസപതി ഇതെല്ലാം തടഞ്ഞു. ബാബയുടെ ശരീരം മടിയിൽവെച്ച് സൂക്ഷിച്ച് അയാൾ മൂന്ന്ദിവസം ഒരേ ഇരിപ്പിരുന്നു. മൂന്ന് നാൾ കഴിഞ്ഞ് വൈകുന്നേരം മൂന്നുമണിക്ക് ബാബ ജീവനുള്ള ലക്ഷണം കാണിച്ചു. അടിവയറിന്റെ ഭാഗത്ത് ഒരു ചലനം കണ്ടു. ബാബ കണ്ണുതുറന്ന് കൈകാലുകൾ നിവർത്തി ബോധവാനായിത്തീർന്നു.

ഈ സംഭവത്തിൽ നിന്നും മറ്റും വായനക്കാർ മൂന്നര മുഴം നീളത്തിൽ ബാബ കുടികൊണ്ടിരുന്ന ഒരു ശരീരം മാത്രമായിരുന്നുവോ ബാബ എന്ന് തീരുമാനിക്കട്ടെ. ബാബ ശരീരമുപേക്ഷിച്ചാലും സർവ്വാന്തര്യാമിയും ആത്മനിവാസിയുമായി എന്നും നിലകൊള്ളുന്നു. പഞ്ചഭൂതാത്മകമായ ദേഹം ക്ഷണികവും നാശോന്മുഖവുമാണ്. അതിലുള്ള ആത്മാൻ, കേവല സത്യവും, നാശരഹിതവും, ശാശ്വതവുമാണ്. മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്ന ബോധമാകുന്ന ബ്രഹ്മത്തെ സായിയായി കാണുവിൻ ! ഇത് പ്രപഞ്ചത്തിലെ സർവ്വത്തിലും മുഴുകിയിരിക്കുന്നു. അതില്ലാത്ത ഇടമില്ല. കല്പിതമായ പ്രവർത്തനം പൂർത്തിയാക്കാൻ ബാബ ഒരു ശരീരം ധരിച്ചു. പ്രവൃത്തി പൂർത്തിയാക്കിയതോടുകൂടി അതുപേക്ഷിക്കുകയും

ചെയ്തു. വീണ്ടും ശാശ്വതത്വത്തിലേക്ക് തന്നെ മടങ്ങുകയും ചെയ്തു. സായി, മുമ്പുണ്ടായ ദത്താവതാരമായ ഗനാഗാപുരിലെ ശ്രീ നരംസിംഹ സരസ്വതിയെപ്പോലെതന്നെ എന്നും നാശമില്ലാതെ നിലകൊള്ളുന്നു. ബാബയുടെ മൃതി ഒരു ബാഹ്യഭാവം മാത്രമാണ്. യഥാർത്ഥത്തിൽ ബാബ സർവചാരാചരങ്ങളിലും ആമഗ്നനായി അവയുടെ അന്തർയ്യാമിയും നിയന്താവുമായി വാഴുകയാണ്. ഇത് ഇന്നും ബാബയിൽ സർവം സമർപ്പിച്ചാൽ ബോദ്ധ്യപ്പെടുന്നതും പൂർണ്ണ മനസ്സാലെ ബാബയെ ഭക്ത്യാദരങ്ങളോടെ ആരാധിച്ചാൽ അനുഭവപ്പെടുന്നതുമാണ്. ഇന്ന് നമുക്ക് ബാബയെ ശരിയായിക്കാണാൻ കഴിയില്ലെങ്കിലും ഷിർദ്ദിയിൽപോയാൽ മസ്ജിദ്ദിൽ ബാബയുടെ ജീവനുള്ളപോലെത്തെ ഛായാപടം നമുക്ക് കാണാൻ കഴിയും. ഇത് ശാമറാവ് ജയകർ എന്ന കലാകാരനായ ഒരു ഭക്തൻ വരച്ചതാണ്. ഭാവനാസമ്പന്നനായ ഭക്തന് ഈ പടം നോക്കിയാൽ ഇന്നും ബാബയെ ദർശിച്ച സംതൃപ്തി അനുഭവിക്കുന്നതാണ്. ബാബക്ക് ഇന്നൊരു ദേഹമില്ലെങ്കിലും ബാബ അവിടെയും സകല ഇടത്തും വാഴുന്നുണ്ട്. ഇന്നും ഭക്തന്മാരുടെ ക്ഷേമകാര്യങ്ങളിൽ ബാബ ദേഹിയായിരുന്ന കാലത്തെപോലെത്തന്നെ തല്പരനാണ്. ബാബയെപ്പോലുള്ള ഋഷിശ്വരൻമാർ മരിക്കുന്നില്ല. മനുഷ്യരെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും അവർ ദൈവം തന്നെയാണ്.

## ബാപ്പുസാഹെബ് ജോഗിന്റെ സന്യാസം

ഹേമദ്പാന്ത് ജോഗിന്റെ സന്യാസത്തെപറ്റി പറഞ്ഞാണ് അദ്ധ്യായം അവസാനിപ്പിക്കുന്നത്. സഖാറാംഹരി എന്ന് അപരനാമമായ ബാപ്പുസാഹെബ്, ജോഗ്, പൂനയിലെ പ്രശസ്തനായ വർക്കരി വിഷ്ണുബുവജോഗിന്റെ അമ്മാമനാണ്. ഗവൺമെന്റ് സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തശേഷം (അയാൾ പി. ഡബ്ലി

യു. ഡി യിൽ സൂപ്പർവൈസറായിരുന്നു) 1909 അയാൾ ഭാര്യ യോടുകൂടി വന്ന് ഷിർദ്ദിയിൽ താമസമാക്കി. ഭാര്യയും ഭർത്താവും ബാബയെ അത്യധികം ആദരിച്ച് ബാബയെ സേവിച്ച് കഴിഞ്ഞു കൂടി. അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. മേഘയുടെ മരണശേഷം ബാപ്പുസാഹെബാണ് മസ്ജിദ്ദിലും ചാവടിയിലും മഹാസമാധി വരെക്കും ആരതി നടത്തിയിരുന്നത്. അയാൾക്ക് സതേവാഡ യിൽ വെച്ച് ജ്ഞാനേശ്വരിയും ഏകനാഥ് ഭാഗവതവും വായിച്ച് അർത്ഥം പറയുന്ന ജോലിയും കൊടുത്തിരുന്നു. അനവധിക്കാലം സേവനം ചെയ്തശേഷം ജോഗ്, ബാബയോട് "ഞാൻ അവി ടുത്തെ വളരെക്കാലം സേവിച്ചു. എനിക്കു മനശ്ശാന്തിയും സംതൃ പ്തിയും കിട്ടിയില്ല. എന്താണ് എനിക്ക് ഋഷിമാരുടെ സംസർഗ്ഗം ഉണ്ടായിട്ടുകൂടി നന്മ വരാത്തത്? എപ്പോളാണവിടുന്നെന്നെ അനു ഗ്രഹിക്കുക? എന്നു ചോദിച്ചു. ഭക്തന്റെ പ്രാർത്ഥന കേട്ട് ബാബ മറുപടിയായി "കാലക്രമംകൊണ്ട് നിന്റെ ദുഷ്കർമ്മഫലം അവ സാനിക്കും. നിന്റെ പുണ്യാപുണ്യങ്ങൾ ഇല്ലായ്മചെയ്ത് ഭസ്മീ കരിക്കപ്പെടും. അന്നേരം നീ നിസംഗനായി, കാമവും ക്രോധവും ആഹാര പ്രിയവും എല്ലാം ഉപേക്ഷിച്ച് നിന്റെ എല്ലാ തടസ്ഥവും തീർന്ന് ദൈവത്തെ പൂർണ്ണ മനസ്സോടെ സേവിച്ച് ഭിക്ഷാംദേഹി യായി സന്യാസം സ്വീകരിക്കുമ്പോൾ നിന്നെഞാൻ അനുഗ്രഹീ തനായിക്കാണും". എന്നു പറഞ്ഞു. അല്പകാലത്തിനുള്ളിൽ ബാബയുടെ വാക്കുകൾ ശരിയായി വന്നു. അയാളുടെ ഭാര്യ ആദ്യം മരിച്ചു. പിന്നെ അയാൾ തികച്ചും നിസ്സംഗനും സ്വതന്ത്ര നുമായി. അയാൾ സന്യാസം സ്വീകരിച്ച് ജീവിത സാക്ഷാത്ക്കാരം നേടി.

**ബാബയുടെ അമൃതവാണികൾ**

കരുണാമയനും സ്നേഹസമ്പന്നനുമായ ബാബ മസ്ജി

ദ്ദിൽ വെച്ച് പലപ്പോഴും ഇങ്ങനെ പറയുമായിരുന്നു. - "എന്നെ ഏറ്റവും അധികം സ്നേഹിക്കുന്നവൻ, എന്നെ സദാ കാണുന്നു. ഞാനില്ലാത്ത ലോകം അവന് കേവലം ശൂന്യമാണ്. അവന് എന്റെ അപദാനങ്ങളല്ലാതെ മറ്റൊരു കഥയും പറയുവാനില്ല. അവൻ നിരന്തരം എന്നിൽ ധ്യാനനിരതനായി സദാ എന്റെ നാമം ജപിക്കുന്നു. സർവ്വവും എന്നിൽ സമർപ്പിച്ച് എന്നെ സ്മരിക്കുന്നവനോട് ഞാൻ സ്വയം കടപ്പെട്ടവനായി കരുതുന്നു. ഞാൻ അവന്റെ കടം വീട്ടുന്നത് അവന് മുക്തി പ്രദാനം ചെയ്തിട്ടാണ്. എന്നെ സ്മരിച്ച് എന്റെ പിന്നാലെകൂടി എനിക്ക് തന്നല്ലാതെ ഭക്ഷണം കഴിക്കാത്തവനിൽ ഞാൻ ആശ്രിതനാവുന്നു. ഇങ്ങനെ യാതൊരുവൻ എന്നെ സമീപിക്കുന്നുവോ അവൻ ഞാനുമായി താദാത്മ്യം പ്രാപിച്ച് ഐക്യം സംഭവിച്ച് നദി സമുദ്രത്തിൽ ലയിക്കുന്നപോലെ എന്നിൽ ലയിക്കുന്നു. അതുകൊണ്ട് അഹംഭാവത്തിന്റെയും അഹങ്കാരത്തിന്റെയും ലാഞ്ഛനപോലും ഉപേക്ഷിച്ച് നിങ്ങളുടെ ഹൃദയനിവാസിയായ എന്നിൽ നിങ്ങൾ ശരണം പ്രാപിച്ചാലും".

**ആരാണ് ഈ ഞാൻ ?**

സായിബാബ ആരാണ് ഈ "ഞാൻ" എന്നു പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ബാബ പറയും "നിങ്ങൾ എന്നെ അന്വേഷിച്ച് ദൂരദിക്കിലൊന്നും പോവേണ്ടതില്ല. നിങ്ങുടെ പേരും ആകൃതിയും ഒഴിച്ചാൽ, നിങ്ങളിലും സർവ്വ ജീവജാലങ്ങളിലുമുള്ള ആ സ്ഥിതിയുണ്ടല്ലോ, ബോധമാവുന്ന സ്ഥിതി, അതാണ് ഞാൻ. ഇതറിഞ്ഞ് നിങ്ങൾ എന്നെ നിങ്ങളിൽ തന്നെയും സകല ജീവജാലങ്ങളിലും കണ്ടെത്തുവിൻ. ഇത് നിങ്ങൾ പരിശീലിച്ചാൽ നിങ്ങൾക്ക് സർവാന്തര്യാമിത്വവും എന്നിലുള്ള ഐക്യവും അനുഭവപ്പെടും."





ഹേമദ്പാന്ത് അതുകൊണ്ട് വായനക്കാരെ വണങ്ങി അവരോട് എല്ലാ ദൈവങ്ങളെയും ഋഷിമാരെയും ഭക്തന്മാരെയും സ്നേഹിച്ച് ബഹുമാനിക്കാൻ വിനീതമായും സ്നേഹപൂർവവും അപേക്ഷിക്കുകയാണ്. ബാബ പലപ്പോഴും പറഞ്ഞിട്ടില്ലേ. "യാതൊരുത്തൻ മറ്റുള്ളവരെ വെറുതെ നിന്ദിക്കുകയും കുറ്റംപറയുകയും ചെയ്യുന്നുവോ അവൻ എന്റെ ഹൃദയം പിളർന്നു എന്നെ പരുക്കേല്പിക്കുകയായിരിക്കും. യാതൊരുവൻ എല്ലാം സഹിച്ച് ക്ഷമിക്കുന്നുവോ അവനെന്നെ അങ്ങേയറ്റം സംപ്രീതനാക്കുന്നു" എന്ന്. ബാബ അങ്ങനെ എല്ലാ ഭാഗങ്ങളിലും അലങ്കാരമായി വെച്ചിരിക്കുകയാണ്. സർവജീവജാലങ്ങളോടുമുള്ള സ്നേഹമല്ലാതെ മറ്റൊന്നും ബാബ ഇഷ്ടപ്പെടുന്നില്ല. അത്തരം അമൃതവാണികൾ സദാ ബാബയുടെ ചുണ്ടുകളിൽ നിന്നും ബഹിർഗമിക്കുകയായിരുന്നു. യാതൊരുത്തൻ ബാബയുടെ പ്രശസ്തിയെ ഭക്ത്യാദരങ്ങളൊടെ പാടിപുകഴ്ത്തുന്നുവോ അവനും, അവയെ ഭക്ത്യാധരങ്ങളോടെ യാതൊരുത്തൻ ശ്രദ്ധിക്കുന്നുവോ അവനും ബാബയിൽ ലയിച്ച് ഐക്യം പ്രാപിക്കുന്നു എന്ന് പ്രസ്താവിച്ച് ഹേമദ്പാന്ത് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ.